**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 338** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഇന്റർനെറ്റ്/DTH സംവിധാനങ്ങൾ ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാധ്യാപക വിദ്യാലയങ്ങൾ, നേഴ്സറി സ്കൂളുകൾ, MGLC (മൾട്ടി ഗ്രേഡ് ലേർണിംഗ് സെന്റേഴ്സ്) കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/DTH സൗകര്യങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന കേന്ദ്രങ്ങളിലെയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദ വിവരങ്ങൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഐ.റ്റി വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഓൺലൈൻ പഠനത്തിന് ഉപകരണങ്ങൾ ആവശ്യമായ വിദ്യാർത്ഥികളുടെ പട്ടിക പൊതു വിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിലേയ്ക്കായി ഡിജിറ്റൽ ഡിവൈസ് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ സ്മാർട്ട് ഫോൺ ഉൾപ്പെടെയുള്ളവ എല്ലാവർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ ഒന്നാം ക്ലാസ്സ് മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള വിവിധ കോഴ്സുകളിൽ പഠനം നടത്തി വരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ ഡിവൈസ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പട്ടിക പൊതു വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നെറ്റ് കണക്ഷൻ ലഭിക്കാത്ത സ്ഥലങ്ങളിൽ അവ ലഭ്യമാക്കാൻ അടിയന്തര ഇടപെടലുകൾ നടത്തുമോ; വിശദമാക്കുമോ? | (സി) | ഇന്റർനെറ്റ് സൗകര്യം തീരെ ഇല്ലാത്തതും കുറവുള്ളതുമായ 1034 കോളനികളുടെ വിവരങ്ങൾ (അക്ഷാംശ രേഖാംശങ്ങൾ സഹിതം) ഐ.റ്റി വകുപ്പ് മുഖേന ടെലികോം സേവനദാതാക്കൾക്കും, ഇന്റർനെറ്റ് സേവനദാതാക്കൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം കോളനികളിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ ഐ.റ്റി വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ